നം. എൻ2/41050/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 05/08/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ-3

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - ഓൺലൈൻ അപേക്ഷകളുടെ സമർപ്പണം/പരിശോധന - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. ഈ ആഫീസിലെ ഈ വിഷയം സംബന്ധിച്ച ഇതേ നം. സർക്കുലർ തീയതി. 19/06/17.
2. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കത്ത് നമ്പർ. 9/21/2017 -SS തീയതി. 31/05/2017

2017-18 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള (പുതിയത്/ പുതുക്കാനുള്ളത്) ഓൺലൈൻ അപേക്ഷകൾ 2017 ആഗസ്റ്റ് 31 വരെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്.

അംഗപരിമിതരായ 9,10 ക്ലാസുകളിൽ പഠിക്കുന്നവരും, മറ്റ് സ്കോളർഷിപ്പ് ലഭിക്കാത്തവരുമായ കുട്ടികൾക്ക് വേണ്ടിയുള്ള ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷകൾ (പുതിയത്/പുതുക്കൽ) 2017 സെപ്തംബർ 30 വരെ സമർപ്പിക്കാവുന്നതാണ്.

മറ്റ് സ്കൂളുകളിൽ നിന്നും ട്രാൻസ്ഫർ വാങ്ങിവന്ന സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് പുതുക്കൽ അപേക്ഷ നൽകുന്നതിന് കഴിഞ്ഞ വർഷത്തെ UID/Password ഉപയോഗിച്ച് അപേക്ഷ ഓപ്പൺ ചെയ്ത ശേഷം സ്ക്രീനിന്റെ ഇടത് വശത്തായി കാണുന്ന Change Institution എന്ന ലിങ്ക് വഴി New User ഉപയോഗിച്ച് പുതിയ അപേക്ഷ നൽകേണ്ടതാണ്.

**2017-18 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ സ്കൂൾ പ്രഥമാധ്യാപകർ/പ്രിൻസിപ്പൽ സൂക്ഷ്മ പരിശോധന നടത്തുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**

ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനാവശ്യമായ ഒരുക്കങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അപേക്ഷ സമർപ്പണം പൂർത്തിയാക്കുന്നതിന് മുൻപ് ഒൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്താൻ പാടുള്ളതല്ല.

1. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായി ലഭിക്കുന്ന എല്ലാ ഓൺലൈൻ അപേക്ഷകളും പ്രഥമാധ്യാപകർ സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്.
2. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന ആഗസ്റ്റ് 20 -ാം തീയതിയ്ക്ക് ശേഷം മാത്രമേ നിർവ്വഹിക്കാൻ പാടുള്ളൂ.
3. ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് മുൻപ് അപേക്ഷയുടെ പകർപ്പ്, മാതൃകാ അപേക്ഷയുമായി ഒത്തുനോക്കി രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
4. അപാകതയുള്ള അപേക്ഷകൾ ഡിഫക്ട് (diffect) ആയി രേഖപ്പെടുത്തിയ ശേഷം, കുട്ടികൾ തെറ്റുതിരുത്തി പുനഃസമർപ്പിക്കേണ്ടതും (Re-submit) പ്രഥമാധ്യാപകർ റീ-വെരിഫിക്കേഷൻ

ലിങ്ക് വഴി ഇത്തരത്തിലുള്ള അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്.

5. അപാകതകൾ ഉള്ള അപേക്ഷകൾ ഒരു കാരണവശാലും തള്ളിക്കളയാൻ/തിരസ്കരിക്കാൻ (Reject) പാടുള്ളതല്ല.
6. സർക്കാർ ജീവനക്കാർ/പൊതുമേഖലാ ജീവനക്കാർ എന്നിവരുടെ മക്കൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടില്ല എന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
7. ഏതെങ്കിലും സ്കൂളുകളുടെ UID/Password നഷ്ടപ്പെടുകയോ, ഉപയോഗ യോഗ്യമല്ലായെന്ന് ബോധ്യപ്പെടുകയോ ചെയ്താൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടുക.
8. മുൻവർഷത്തെ സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പട്ടിക നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിന്നും Institute Login - ചെയ്ത് പരിശോധിക്കാൻ സാധിക്കുന്നതാണ്.
9. ഏതെങ്കിലും സ്കൂളുകളുടെ ക്ലാസുകൾ കുട്ടികൾക്ക് സെലക്ട് ചെയ്യാൻ സാധിക്കുന്നില്ല എങ്കിൽ പ്രഥമാധ്യാപകർ Institute Login വഴി Add and Update എന്ന ലിങ്കിൽ Course സെലക്റ്റ് ചെയ്ത് class updation നടത്തേണ്ടതാണ്.

> നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പേര് രജിസ്റ്റർചെയ്തിട്ടില്ലാത്ത സ്കൂളുകൾ അടിയന്തിരമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടുക.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:-

എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി@ സ്കൂൾ - സർക്കുലർ ഐ.ടി@സ്കൂളിന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കു വേണ്ടി

**പകർപ്പ് :-**
1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**
4. **എല്ലാ പ്രഥമാധ്യാപകർക്കും**

**കൂടുതൽ വിവരങ്ങൾക്ക് :**

**www.scholarships.gov.in** - എന്ന വെബ് സൈറ്റ് സന്ദർശിക്കുക

## നേരിട്ടുള്ള വിവരങ്ങൾക്ക്

**0471-2328438, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.**